## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 590** | **27.10.2011-ൽ മറുപടിയ്ക്ക്**

### പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി.കെ. നാണു | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് കേരളത്തിൽ ഏതെല്ലാം മേഖലകളിലാണ് പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നത് ;<br><br>(ബി) വിശദാംശം വ്യക്തമാക്കുമോ ; | (എ) (ബി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) രേഖയ്ക്ക് അന്തിമ രൂപം നൽകിയിട്ടില്ല. അതേ അവസരത്തിൽ പന്ത്രണ്ടാം പദ്ധതിയുടെ കരട് സമീപന രേഖയിൽ സൂചിപ്പിക്കുന്നത് ഉൽപാദന ക്ഷമവും, മത്സരക്ഷമവും, സുസ്ഥിരവും, സർവ്വതല സ്പർശിയുമായ ഒരു സാമ്പത്തിക അടിത്തറ സൃഷ്ടിക്കുക എന്ന മൗലിക തന്ത്രമാണ് ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ജനവിഭാഗങ്ങളുമായുള്ള ചർച്ചയ്ക്കു ശേഷം സമീപന രേഖയ്ക്ക് അന്തിമ രൂപം നൽകുകയും ഏതെല്ലാം മേഖലകൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് തീരുമാനിക്കുകയും ചെയ്യും. |
| (സി) കൈത്തറി, കയർ, മത്സ്യബന്ധനം തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളുടെ വികസനത്തെ ലക്ഷ്യം വച്ച് ഒരു പാക്കേജ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കുവാൻ മുൻകൈയെടുക്കുമോ ? | (സി) ഈ മേഖലയിലെ വികസനം സംബന്ധിച്ച് അന്തിമ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. പന്ത്രണ്ടാം പദ്ധതി അംഗീകാരത്തിന് ശേഷമേ ഇക്കാര്യത്തിലുള്ള വിശദവിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ